നം. സി.ഇ.ഇ/2900/07/കെ.ഇ.എ.എം.-08/റ്റി.എ.1

**കേരള സർക്കാർ**

## പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം – 695 001**

## പത്രക്കുറിപ്പ്

## ഒന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

2008 ലെ വിവിധ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ടുമെന്റ് നടപടികൾ ജൂലൈ മാസം **5-ാം** തീയതി ആരംഭിച്ചിരുന്നു. സർക്കാർ, എയ്ഡഡ്, സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകൾ, സ്വകാര്യ സ്വാശ്രയ കോളേജുകൾ എന്നീ വിഭാഗങ്ങളിലായി **166** കോളേജുകളെയാണ് ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിന് ഉൾപ്പെടുത്തിയിരുന്നത്. ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള കാലാവധി **14.07.2008** ന് രാവിലെ **10** മണിയ്ക്ക് അവസാനിച്ചു. പ്രസ്തുത കാലയളവിൽ മൊത്തം **44834** വിദ്യാർത്ഥികൾ **3214665** ഓപ്ഷനുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ ഓപ്ഷനുകളുടെ അടിസ്ഥാനത്തിലുള്ള ഒന്നാംഘട്ട അലോട്ടുമെന്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇവയിൽ സ്വകാര്യ സ്വാശ്രയ വിഭാഗത്തിൽ **39** എൻജിനീയറിംഗ് കോളേജുകൾ, **6** മെഡിക്കൽ കോളേജുകൾ, **16** ഡന്റൽ കോളേജുകൾ, **23** നഴ്സിംഗ് കോളേജുകൾ, **ഒരു** സിദ്ധ കോളേജ് എന്നിവയും ഉൾപ്പെടുന്നു.

വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ടുമെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അനുവദിച്ചിട്ടുള്ള സംവരണം, അടയ്ക്കേണ്ട റ്റ്യൂഷൻ ഫീസ് / ഡെപ്പോസിറ്റ് / ക്വാഷൻ ഡെപ്പോസിറ്റ് തുക എന്നിവ വിദ്യാർത്ഥിയുടെ അലോട്ട്മെന്റ് പേജിൽ ലഭ്യമായിരിക്കും. ഇതിന്റെ പ്രിന്റ് വിദ്യാർത്ഥിക്ക് എടുക്കാവുന്നതാണ്.

കേന്ദ്രസർക്കാരിൻെറ ലെറ്റർ ഓഫ് പെർമിഷൻ ലഭിക്കാനുള്ള **3** സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളേയും **6** സ്വകാര്യ സ്വാശ്രയ ഡെന്റൽ കോളേജുകളേയും അലോട്ടുമെന്റിനായി പരിഗണിച്ചിട്ടില്ല.

അലോട്ടുമെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും **19.07.2008 മുതൽ 24.07.2008** വൈകുന്നേരം **3.30** മണി വരെ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൻെറ **(എസ്.ബി.റ്റി.)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ പണമായോ, **'CEE A/C with SBT'** എന്ന പേരിൽ എടുത്ത തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ആയോ അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ ഫീസ് / ഡെപ്പോസിറ്റ് / ക്വാഷൻ ഡെപ്പോസിറ്റ് അടയ്ക്കാത്ത വിദ്യാർത്ഥികളുടെ അലോട്ടുമെന്റും അലോട്ടുമെന്റ് ലഭിച്ച സ്ട്രീമിലെ ഹയർ ഓർഡർ ഓപ്ഷനുകളും റദ്ദാകുന്നതാണ്.

## കോളേജ് പ്രവേശനം

**25.07.2008 ന് (വെള്ളിയാഴ്ച)** രാവിലെ 10 മണി മുതൽ മെഡിക്കൽ, ഡന്റൽ കോളേജ് അധികൃതർക്ക് വിദ്യാർത്ഥികളുടെ അലോട്ടുമെന്റ് ലിസ്റ്റ് **www.cee.kerala.gov.in/capcollege2008** എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

## എം.ബി.ബി.എസ്. / ബി.ഡി.എസ്.

എം.ബി.ബി.എസ് / ബി.ഡി.എസ് കോഴ്സുകളിലേയ്ക്ക് അലോട്ടുമെന്റ് ലഭിച്ച എല്ലാ വിദ്യാർത്ഥികളും **2008 ജൂലൈ 26 മുതൽ 29 വരെയുള്ള** ദിവസങ്ങൾക്കുള്ളിൽ പ്രോസ്പെക്ടസ്സിൽ പറഞ്ഞിട്ടുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം നിശ്ചിത കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. **29.07.2008 ന് (ചൊവ്വാഴ്ച)** വൈകുന്നേരം **4** മണിയ്ക്കകം മെഡിക്കൽ / ഡന്റൽ കോളേജുകളിൽ ഹാജരായി പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ എം.ബി.ബി.എസ് / ബി.ഡി.എസ് അലോട്ടുമെന്റും മെഡിക്കൽ വിഭാഗത്തിലെ ഹയർ ഓർഡർ ഓപ്ഷനുകളും റദ്ദാകുന്നതാണ്.

എം.ബി.ബി.എസ് / ബി.ഡി.എസ് ഒഴികെ മറ്റ് മെഡിക്കൽ / എൻജിനീയറിംഗ് കോഴ്സുകളിൽ അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ നിശ്ചിത തീയതിക്കകം **(ജൂലൈ 19 മുതൽ 24 വരെ)** ഫീസ് / ഡെപ്പോസിറ്റ് / ക്വാഷൻ ഡെപ്പോസിറ്റ് അടയ്ക്കേണ്ടതാണ്. എന്നാൽ ഇവർ രണ്ടാം ഘട്ട അലോട്ടുമെന്റിനു ശേഷം നിശ്ചിത കോളേജുകളിൽ പ്രവേശനം നേടിയാൽ മതിയാകും.

## രണ്ടാംഘട്ട അലോട്ടുമെന്റ്

രണ്ടാംഘട്ട കേന്ദ്രീകൃത അലോട്ടുമെന്റ് നടപടികൾ ആഗസ്റ്റ് മാസം ആദ്യം ആരംഭിക്കുന്നതാണ്. പുതുതായി അനുവദിച്ച / അനുവദിക്കുന്ന കോളേജുകൾ, കോഴ്സുകൾ, അലോട്ടുമെന്റ് നടപടികൾ ആരംഭിച്ചതിനു ശേഷം സർക്കാരുമായി കരാറിലേർപ്പെട്ട സ്വാശ്രയ കോളേജുകൾ എന്നിവയിലേയ്ക്ക് രണ്ടാംഘട്ടത്തിൽ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇത് സംബന്ധിച്ച വിശദമായ വിജ്ഞാപനം യഥാസമയം പുറപ്പെടുവിക്കുന്നതാണ്.

അലോട്ട്മെന്റ് നടപടികളെക്കുറിച്ചുള്ള സംശയനിവാരണത്തിനായി 0471 - 6459801, 6459802, 6459803, 6459804, 6459805, 6459806, 6459807, 6459808 എന്നീ ടെലഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
17.07.2008

**പ്രവേശന പരീക്ഷാ കമ്മീഷണർ**